# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *31 — 07-01-2014 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. എളമരം കരീം<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുകയുണ്ടായോ; | (ബി) കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റിസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് അനുകൂല്യം ലഭിക്കും. കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട്സ് കീമും, കൈത്തറി നെയ്ത്തുകാരുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു.<br><br>കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്ക് വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ |

പ്രവർത്തനമൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. ഇതുമൂലം തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയും. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗീകമായ യന്ത്രവത്കരണം നടപ്പിലാക്കിയിട്ടുണ്ട്.

കയർ വ്യവസായമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ച് തൊണ്ടു സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകി. കയർമേഖലയിലും ഇൻകംസപ്പോർട്ട് പദ്ധതി നടപ്പിലാക്കി.

ഖാദിമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

കരകൗശല ഉല്പന്നങ്ങളുടെ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും നവീകരണ പ്രക്രിയ നടപ്പിലാക്കുന്നതിനുമായി കുറഞ്ഞ പലിശനിരക്കിൽ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശലമേഖലയിലെ ശില്പികൾക്ക് കുടിശിക തീർക്കുവാൻ വേണ്ടിയുള്ള സാമ്പത്തിക സഹായവും, തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

ബാംബൂകോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി. ഈറ്റ ഉല്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിനായി മുള ഉപയോഗിച്ച് ബാംബു ബോഡ് വിപണിയിലിറക്കി.

മേഖല തിരിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | |
|---|---|
| (സി) പ്രസ്തുത മേഖലയുടെ തകർച്ച ഇന്നത്തെ നിലയിൽ തുടർന്നാൽ സംസ്ഥാനത്ത് വൻ ദുരന്തത്തിനിടയാക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (സി) പരമ്പരാഗത മേഖലയിൽ ഇപ്പോൾ ഗുരുതരമായ പ്രതിസന്ധി നിലവിലില്ല. എന്നാൽ ഈ മേഖലയുടെ ദീർഘകാലാടിസ്ഥാനത്തിനുള്ള നിലനില്പിനും വളർച്ചയ്ക്കും വേണ്ടി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യമാണ്. |
| (ഡി) ഓരോ പരമ്പരാഗത മേഖലയിലും വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും പ്രശ്നം പ്രത്യേകമായി പഠിച്ച് അടിയന്തിര ഇടപെടൽ നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) കൈത്തറി മേഖലയിലെ വിവിധ തലത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അടിസ്ഥാന രേഖകൾ ശേഖരിക്കുന്നതിനും 50 ലക്ഷം രൂപ ചിലവിൽ സർവ്വേ നടത്തുന്നതാണ്.<br><br>ഖാദി മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കയർ-കരകൗശല-കശുവണ്ടി മേഖലകളിലെ പ്രശ്നങ്ങൾ അവലോകനം നടത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കൈത്തറി മേഖല

- അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നു.
- ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു. വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.
- കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു. കൈത്തറി നെയ്ത്തു കാർക്കു വേണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, എൽ.ഐ.സിയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്ക് എം.ജി. ബി.ബി.വൈ. എന്ന ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.
- കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവി ലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു.
- കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പി ലാക്കി വരുന്നു.
- കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നട ത്തിവരുന്നു.
- പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, കൈത്തറി നെയ്ത്തു സംഘ ങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലും പ്രോസസിംഗിൽ ഭാഗീക യന്ത്ര വൽക്കരണത്തിന് 100% ഗ്രാന്റ് എന്നിവ നൽകുന്നുണ്ട്.
- അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- കൈത്തറി തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതി നായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറി സൊസൈറ്റികളുടെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകു കയും ചെയ്യുന്നു.
- ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തു കാരെയും അനുബന്ധ തൊഴിലാളികൾക്ക് പ്രചോദന പരിപാടിയും നടപ്പിലാക്കി വരു ന്നു.
- കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കി വരുന്നു.

## കയർമേഖല

- കയർ വ്യവസായ മേഖലയിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്ന തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ചകിരി യഥാസമയം ലഭ്യമാക്കാൻ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ടുസംഭരണ പദ്ധതി പരിഷ്കരിച്ചും, നിയന്ത്രിത യന്ത്രവൽകരണം നടപ്പിലാക്കിയും ആധുനികവൽക്കരണ വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.
- കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം ഉൾപ്പെടെ നൽകി വരുന്നു.
- കയർ പിരിമേഖലയിൽ തൊഴിലാളികളുടെ വേതനം കുറഞ്ഞത് 210 രൂപയായും ഉല്പന്ന മേഖലയിൽ 285 രൂപയായും പിന്നീട് 360 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.
- കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ച് വിപണന മേഖല ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കയർ തൊഴിലാളി പെൻഷൻ 2013-14 സാമ്പത്തിക വർഷം മുതൽ 400 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.
- കയർ മേഖലയിൽ ഇന്നൊവേഷൻ ഫണ്ടും ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണ്.
- അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം കയർ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതാണ്.
- ആലപ്പുഴയിൽ കയർ കയറ്റുമതി സംസ്കരണപാർക്ക് സ്ഥാപിക്കുന്നതാണ്.

## ഖാദിമേഖല

- സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ഖാദി ബോർഡ് നടപ്പാക്കി വരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതി"യിൽ കൂടി സംസ്ഥാനത്തെ വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് പുതുജീവൻ നൽകുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്.
- വർഷം മുഴുവൻ ഖാദിതുണിത്തരങ്ങളുടെ ചില്ലറ വില്പനക്ക് 10% റിബേറ്റും ഇതിനു പുറമേ ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകുന്നുണ്ട്.
- ഖാദി തൊഴിലാളികൾക്ക് നൂൽപ്പിന് കഴിയൊന്നിന് 30 പൈസയും നെയ്ത്തിന് അവർ ഉപയോഗിക്കുന്ന ഓരോ കഴിനൂലിനും 90 പൈസയും ഉല്പാദന ഇൻസെന്റീവായി നൽകി വരുന്നു.
- മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഏറ്റുക്കുടുക്ക സ്ലൈവർ പ്രാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.
- ഖാദി തൊഴിലാളിക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി 2012-13 വർഷത്തിൽ 20 ലക്ഷം രൂപ അനുവദിച്ചു.
- ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്കരിക്കാൻ ഉദ്ദേശിക്കുന്നു.
- ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക വിനിയോഗിച്ച് മിനിമം വേതനം നൽകിവരുന്നു.
- 2012-13 വർഷം ഇൻകംസപ്പോർട്ട് സ്കീം പ്രകാരം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ ഖാദി ഗ്രാമവ്യവസായ പാർക്കു സ്ഥാപിക്കുന്നതാണ്.
- എറണാകുളത്ത് ഖാദി-ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു സ്ഥിരം എക്സിബിഷൻ കേന്ദ്രവും സ്ഥാപിക്കുന്നതാണ്.

## കരകൗശല മേഖല

- കരകൗശല വികസന കോർപറേഷന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.60 കോടി രൂപ അനുവദിച്ചു. ഇതിൽ നാല് കോടി രൂപ കരകൗശലശില്പികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക തീർക്കാനും ഒരു കോടി രൂപ പ്രവർത്തനമൂലധനമായി കരകൗശലവസ്തുക്കൾ ഉടൻ പണംനൽകി വാങ്ങാനും, 30 ലക്ഷം രൂപ തിരുവനന്തപുരത്തെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ സൗകര്യങ്ങൾ ഒരുക്കാനും 15 ലക്ഷം രൂപ തിരുവനന്തപുരത്തെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിന്റെ നവീകരണത്തിനും 15 ലക്ഷം രൂപ കരകൗശള ശില്പികൾക്ക് സ്വയം തൊഴിലിലേർപ്പെടാൻ വായ്പ നൽകാനും ഉപയോഗിച്ചു.
- കരകൗശല രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം നൽകാനുതകുന്ന ഒരു പദ്ധതി തയ്യാറാക്കുവാനും ഉദ്ദേശിക്കുന്നു.
- ആർട്ടിസാൻസ് യൂണിറ്റുകളും ആർട്ടിസാൻസ് തൊഴിലാളികൾക്കും പരമാവധി തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനായി ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ കാഡ്കോ നടപ്പിലാക്കി വരുന്നു.

## പനമ്പ് മേഖല

- ഈറ്റ-പനമ്പ് മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപറേഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഇത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും എൻ.എം.ബി.എ.യുടെയും മറ്റു സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരികയും ചെയ്യുന്നു.
- എൻ.എം.ബി.എ യുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സഹായത്തോടെ ഉല്പന്നങ്ങളുടെ വൈവിധ്യവൽകരണത്തിന്റെ ഭാഗമായി മുള ഉപയോഗിച്ച് ഫ്ളാറ്റൻഡു ബാംബു ബോർഡ് നിർമിച്ചു വിപണിയിലിറക്കി, മുള ഉപയോഗിച്ചുതന്നെ ഫ്ളോറിംഗ് ടൈൽസ് ഉണ്ടാക്കുന്ന ഒരു കമ്പനി നല്ലളത്ത് സ്ഥാപിച്ചു.
- മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിക്കുന്നു. പനമ്പ്-നെയ്ത്തു മേഖലയിൽ യന്ത്രവൽകരണം നടപ്പിലാക്കുന്നതിലൂടെ പനമ്പ്-നെയ്ത്തുകാരുടെ അദ്ധ്വാനഭാരം ലഘൂകരിക്കപ്പെടും.

## കശുവണ്ടി മേഖല

- കശുവണ്ടി മേഖലയിലെ വികസനത്തിനായി റിജുവിനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി, മോഡണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി, അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നീ പദ്ധതികൾ സർക്കാരിന്റെ ധനസഹായത്തോടുകൂടി കേരള കശുവണ്ടി വികസന കോർപറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു.
- കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുന്നതിനുള്ള നടപടി

കൾ സ്വീകരിച്ചുവരുന്നു.

- കശുവണ്ടിക്ക് ഒരു ആഗോള ബ്രാൻഡ് വികസിപ്പിച്ചെടുക്കുന്നതാണ്.

## കരിമ്പന വ്യവസായം

- കരിമ്പന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് കെൽപാമും എൽ.ഐ.സിയുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷുറൻസ് ക്ഷേമപദ്ധതി (ജനശ്രീ ഭീമായോജന പദ്ധതി), പനംകൃഷി വ്യാപനവും സാമൂഹ്യവൽക്കരണവും, പനഉല്പന്ന വികസനവും കരകൗശല ഉല്പന്ന വികസനവും, പനഉല്പന്ന പരിശീലന പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടി എൻ.ബി.സി.എഫ്.ഡി.സി.യുടെ കുറഞ്ഞ നിരക്കിലുള്ള വായ്പാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

## ബീഡി വ്യവസായം

- പുകവലി നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## 2013-14 ലെ ബഡ്ജറ്റ് വിഹിതം

- പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും ശക്തിപ്പെടുത്തുവാനും വേണ്ടി 2013-14 ലെ ബഡ്ജറ്റിൽ കശുവണ്ടി മേഖലയ്ക്ക് 71.5 കോടി രൂപ, കയർമേഖലയ്ക്ക് 111.37 കോടി രൂപ, കൈത്തറി മേഖലയ്ക്ക് 76.76 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷൻ, കേരള ആർട്ടിസാനൻസ് കോർപറേഷൻ, സുരഭി, കെൽപാം, കേരള സ്റ്റേറ്റ് ബാംബു കോർപറേഷൻ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപയ്ക്ക് പുറമെ മൂന്ന് കോടി രൂപ കൂടി വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ ഗ്രാമീണ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് 13.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

Ganadev.
സെക്ഷൻ ഓഫീസർ